മി. സ്പീക്കർ: കേന്ദ്ര ഗവൺമെന്റ് വളരെ തുച്ഛമായ ഗ്രാന്റാണ് കൊടുക്കുന്നത്. ഇവർക്ക് ഗ്രാന്റെങ്കിലും കൊടുത്തുകൂടേ?

ശ്രീ. ടി. എം. ജേക്കബ്: അങ്ങ് പറഞ്ഞത് വളരെ റെലവന്റായിട്ടുള്ള കാര്യമാണ്. എം.ആർ സ്കൂളുകൾ നമ്മുടെയെല്ലാം അനുകമ്പ അർഹിക്കുന്ന സ്ഥാപനമാണ്. മന്ത്രി വളരെ നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. സമ്മതിക്കുന്നു. പക്ഷേ ഇതൊന്ന് ശരിയായി പരിഗണിക്കരുതോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : 10 കുട്ടികൾപോലും പഠിക്കാത്ത സ്കൂളുകൾക്ക് ശമ്പളം കൊടുക്കുമ്പോൾ എം.ആർ സ്കൂളുകളെകൂടി എയ്ഡഡ് ആക്കണം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഈ സഭയിലെ എല്ലാപേരും പ്രകടിപ്പിച്ച വികാരമാണ്. എം.ആർ സ്കൂളുകളോട് നമുക്ക് ദയയുണ്ട്. പരമാവധി കാര്യങ്ങൾ ചെയ്യുകയാണ്. 165 സ്കൂളുകളേയും എയ്ഡഡ് ആക്കുന്ന കാര്യം ഈ ഫ്ളോറിൽ ഡിക്ളയർ ചെയ്യാൻ പറ്റുമോ? ഈ കാര്യത്തിൽ തുടർന്ന് എന്തെങ്കിലും സഹായം നൽകാൻ പറ്റുമോയെന്നുള്ള കാര്യം ഗൗരവമായി ഗവൺമെന്റ് ആലോചിക്കുന്നതാണ്.

(6) ചെറുകിട റബ്ബർ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമനിധി

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, കേരളത്തിലെ സമ്പദ് വ്യവസ്ഥയിൽ ഏറെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് തോട്ടം മേഖല, പ്രത്യേകിച്ച് ചെറുകിട റബ്ബർ തോട്ടം മേഖല. ഈ തോട്ടം മേഖലയിൽ പണിയെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടിയുള്ള നടപടി ഉണ്ടാകണമെന്നതാണ് ഞാൻ ഇവിടെ ഉന്നയിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു കാര്യം. ഒരേക്കറും അതിൽ കൂടുതലും ഭൂമിയുള്ള ഭൂവുടമകൾ, ചെറുകിട കൃഷിക്കാർ, കാർഷികോല്പന്നങ്ങൾക്ക് വിലത്തകർച്ച അഭിമുഖീകരിച്ച് കൊണ്ടിരിക്കുന്ന ഇന്നത്തെ പ്രത്യേക പശ്ചാത്തലത്തിൽ കർഷക മേഖലയിൽ തെരഞ്ഞെടുക്കാവുന്ന ഏറ്റവും പ്രധാനപ്പെട്ട ഒന്ന് റബ്ബറായി മാറിയിരിക്കുകയാണ്. റബ്ബർ കൃഷി കേരളത്തിലുടനീളം നല്ല നിലയിൽ വികസിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആ കൃഷി ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികൾക്ക് ന്യായമായ കൂലി ഉറപ്പായിട്ടില്ല. കൂലി പരിഷ്കരണം എന്ന ആവശ്യം ഉന്നയിക്കാൻ തുടങ്ങിയിട്ട് കുറെക്കാലമായി. ആ കൂലി വ്യവസ്ഥയിൽ മാറ്റം വരുത്താനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കണം. നന്നേ പുലർച്ചേ നാല് മണി മുതൽ തൊഴിലാളികൾ പണിയെടുക്കുകയാണ്. പുലർച്ചേ നാല് മണിക്ക് എത്തണമെന്നതു കൊണ്ട് അവരുടെ ജീവിത സാഹചര്യം വളരെ പ്രയാസമാകുകയാണ്. ഇവർക്ക് അപകട സാധ്യത വളരെ കൂടുതലാണ്. മരണംവരെ സംഭവിക്കുന്ന സ്ഥിതിയുണ്ട്. അങ്ങനെയുള്ള ആളുകൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്നുള്ള സ്ഥിതിയുണ്ട്. ഇതിനുമുമ്പ് ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞപ്പോൾ ഇതിനകത്ത് ഇത്രയും ആളുകൾ ഉണ്ടോയെന്ന് സംശയമുണ്ടായിരുന്നു. കണ്ണൂർ ജില്ലയിൽ മാത്രം 50,000-ൽ അധികം തൊഴിലാളികളുണ്ട്. കേരളത്തിലുടനീളം ലക്ഷക്കണക്കിന് തൊഴിലാളികളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇവർ മിക്കവാറും അസംഘടിതരുമാണ്. സംഘടിതമായ മേഖലയല്ല. ചെറുകിട കൃഷിക്കാർ എന്നുള്ള രീതിയിൽ ഒന്നു മുതൽ അഞ്ച് ഏക്കർവരെയാണ് ഓരോ ഭൂവുടമയ്ക്കും ഉള്ളത്. അവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടിയുള്ള ഒരു തീരുമാനം ഉണ്ടാകണം. ക്ഷേമനിധി ആനുകൂല്യമെന്നു പറഞ്ഞാൽ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ആണ്. കേവലമായ ക്ഷേമനിധി ആനുകൂല്യങ്ങൾ എന്നു പറയുമ്പോൾ പെൻഷൻ ഇല്ലാത്ത ആനുകൂല്യങ്ങൾ കൊണ്ട് ജീവിതത്തിന്റെ ഭാവി സുരക്ഷിതമാകുകയില്ല. തൊഴിൽ മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട കൂലി വ്യവസ്ഥ പരിഷ്കരിക്കേണ്ട നിലപാടും സ്വീകരിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക താല്പര്യമെടുത്ത് ഈ മേഖലയിലെ കാര്യങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടി മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട ഗോവിന്ദൻ മാസ്റ്റർ ചൂണ്ടിക്കാണിച്ചത് കേരളത്തിലെ ചെറുകിട തോട്ടങ്ങൾ, പ്രത്യേകിച്ച് റബ്ബർ തോട്ടം മേഖലയിലെ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതിയെ സംബന്ധിച്ചാണ്. ഈ കാര്യം സർക്കാരിന്റെ സജീവമായ പരിഗണനയിലാണ്. ഇതു സംബന്ധിച്ച് ഒരു ബിൽ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾ നടന്നു വരുന്നു. അത് നിയമസഭയിലേക്ക് ഇൻട്രോഡ്യൂസ് ചെയ്യാവുന്ന സ്ഥിതിയിൽ വന്നിട്ടുണ്ട്. പക്ഷേ വേറൊരു പ്രശ്നം വന്നിട്ടുള്ളത് ഇപ്പോൾ ഇവർ കർഷകത്തൊഴിലാളി ക്ഷേമനിധിയുടെ കീഴിൽ വരുന്നതാണ്. അവരെ കർഷകത്തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളാക്കി അവർക്ക് പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ നൽകാവുന്നതേയുള്ളൂ. ഏറ്റവും കുറഞ്ഞത് രണ്ട് ലക്ഷത്തോളം തൊഴിലാളികളെങ്കിലും ഉണ്ടെങ്കിൽ മാത്രമേ പ്രത്യേക ക്ഷേമ പദ്ധതി രൂപീകരിക്കാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ അത് ക്ഷേമപദ്ധതിയായി നിലനിൽക്കുകയില്ല. അതുകൊണ്ട് കർഷകത്തൊഴിലാളി ക്ഷേമ നിധിയിൽത്തന്നെ ഇതിന് ആനുകൂല്യങ്ങൾ നൽകാൻ കഴിയുമോ എന്നത് ഗവൺമെന്റ് ഒന്നുകൂടി പരിശോധിക്കുന്നതാണ്. പിന്നെ കൂലി വ്യവസ്ഥയെക്കുറിച്ച് പറഞ്ഞു. പ്ലാന്റേഷൻ മേഖലയിൽ ആകെയുള്ള കൂലിയുടെ മിനിമം വേജസ് പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള പ്രഖ്യാപനം ഉടൻ തന്നെയുണ്ടാകും. അതിന്റെ ഗുണം ഇവർക്കും ലഭ്യമാകുന്നതാണ്.

(7) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങൾക്കുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾക്ക് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കുന്നതിൽ നടക്കുന്ന വ്യാപകമായ ക്രമക്കേടുകൾ

ശ്രീ. ഇ. എം. അഗസ്തി: സർ, സർക്കാർ പ്രഖ്യാപിക്കുന്ന ക്ഷേമ പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കുന്നതിന് സമൂഹത്തിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആളുകളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പലപ്പോഴും ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ ഓരോ ഘട്ടം കഴിയുംതോറും ലിസ്റ്റിൽ അനർഹരായ ആളുകൾ കടന്നുകൂടുകയും അർഹരായവർ പുറം തള്ളപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് അനുഭവപ്പെട്ടു കൊണ്ടിരിക്കുന്നത്. ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആളുകളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള അന്നപൂർണ്ണ, അന്ത്യോദയ പദ്ധതികളും ഈ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly